LIBRARY ARCHIVES Kerala Legislative Assembly

അവർക്കുള്ള സമയം അന്യോന്യം കൈമാറുകയും ചെയ്യുന്ന പതിവ് ഇവിടെ നിലവിലുണ്ട്. ഈ കീഴ്‌വഴക്കം അനുസരിച്ച് ശ്രീമതി ഗൗരി അമ്മയ്ക്ക് കൂടുതൽ സമയം കിട്ടിയെന്നേയുള്ളൂ. ഏതെങ്കിലും കക്ഷിയുടെയോ ബ്ലോക്കിന്റെയോ സ്വതന്ത്രൻമാരുടെയോ സമയം അവരുടെ ഇഷ്ടപ്രകാരം മറ്റൊരു ബ്ലോക്കിനോ കക്ഷിക്കോ സ്വതന്ത്രൻമാർക്കോ കൈമാറുന്നതിനെ നമ്മുടെ ചട്ടങ്ങൾ പ്രകാരം നിരോധിച്ചിട്ടില്ല. അതുകൊണ്ട് ഇതു ചെയറിന്റെ പരിധിയിൽ വരുന്ന കാര്യമല്ല. ആയതിനാൽ ഏതെങ്കിലും അംഗത്തിന്റെയോ ബ്ലോക്കിന്റെയോ കക്ഷിയുടെയോ സമയം മറ്റേതെങ്കിലും അംഗത്തിനോ ബ്ലോക്കിനോ കക്ഷിക്കോ നൽകരുതെന്നു നിർബന്ധിക്കുവാൻ ചെയറിനാവില്ല. എന്നിരുന്നാലും ഏതെങ്കിലും അംഗത്തിന്റെയോ ബ്ലോക്കിന്റെയോ കക്ഷിയുടെയോ സമയം കൈമാറി കിട്ടുന്ന അംഗം ആ അംഗത്തിന്റെയോ ബ്ലോക്കിന്റെയോ കക്ഷിയുടെയോ താല്പര്യത്തിനോ നയത്തിനോ എതിരായി സംസാരിക്കുന്നതിൽ അൽപ്പം അനൗചിത്യം ഉണ്ടെന്ന് ചൂണ്ടിക്കാണിക്കുവാൻ ചെയർ ആഗ്രഹിക്കുന്നു. ക്രമപ്രശ്നത്തിനു നിലനിൽപ്പില്ല.

## (ii) കട്ട്മോഷൻ സംബന്ധിച്ച ക്രമപ്രശ്നം

മി. സ്പീക്കർ:—കട്ട്മോഷൻ അവതരിപ്പിക്കുന്നതിനു പറയുന്ന കാരണങ്ങൾക്ക് മറുപടി പറയാതെ ധനാഭ്യർത്ഥന വോട്ടിനിടുന്നത് ചട്ടങ്ങൾക്കും കീഴ്‌വഴക്കങ്ങൾക്കും യോജിച്ചതല്ല എന്നതാണ് ഇവിടെ ഉന്നയിച്ചിട്ടുള്ള മറ്റൊരു ക്രമപ്രശ്നം. റൂൾ 145 അനുസരിച്ച് ധനാഭ്യർത്ഥനകൾക്ക് മൂന്നിനങ്ങളിലായി നാലു വിധത്തിലുള്ള കട്ട്മോഷൻ അവതരിപ്പിക്കുവാൻ അംഗങ്ങൾക്ക് അവകാശമുണ്ട്. എന്നാൽ കട്ട്മോഷൻ നൽകുന്ന അംഗങ്ങളെ പ്രസംഗിക്കുവാൻ വിളിക്കണമെന്നില്ല. എല്ലായ്പ്പോഴും ധനാഭ്യർത്ഥനയിൻമേലുള്ള ചർച്ചയ്ക്ക് അതാതു പാർട്ടികൾക്കാണ് സമയം അനുവദിക്കാറുള്ളത്. അതുകൊണ്ടു തന്നെ ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നവർക്ക് സംസാരിക്കുവാൻ സമയം കിട്ടിയെന്നും വരുന്നതല്ല. കട്ട്മോഷനുകളുടെ ലിസ്റ്റിലുൾപ്പെട്ടു എന്നതുകൊണ്ടു മാത്രം ഒരു കട്ട്മോഷൻ ക്രമാനുസൃതമായിക്കൊള്ളണമെന്നില്ല. Every cut motion that is in the Order Paper is not necessarily in order; its admissibility can be decided by the Speaker when the question arises in the House; എന്ന് Practice and Procedure of Parliament എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

ഒരു പോളിസി കട്ടിനുള്ള കട്ട്മോഷൻ നോട്ടീസ് നൽകുന്ന അംഗം ചർച്ച ചെയ്യാനുദ്ദേശിക്കുന്ന നയത്തിന്റെ വിവരങ്ങൾ സംക്ഷിപ്തമായി നൽകണമെന്നാണ് ചട്ടങ്ങൾ അനുശാസിക്കുന്നത്. ചർച്ച, നോട്ടീസിൽ പറയുന്ന കാര്യങ്ങളിൽ ഒതുക്കി നിർത്തേണ്ടതാണ്. ഇക്കണോമി കട്ടിനുള്ള കട്ട്മോഷൻ നോട്ടീസ് നൽകുന്ന അംഗം ഡിമാൻഡിൽ നിന്നു കുറവു ചെയ്യേണ്ട മൊത്ത തുകയേയോ ഒരു ഡിമാൻഡിലെ ഐറ്റം കുറയ്ക്കുന്നതിനേയോ വേണ്ടെന്നു വയ്ക്കുന്നതിനേയോ സംബന്ധിച്ച ചുരുങ്ങിയ വിവരമാണ് നോട്ടീസിൽ നൽകുന്നത്. ചെലവു ചുരുക്കൽ സംബന്ധിച്ച കാര്യങ്ങളിൽ ചർച്ച ഒതുക്കുകയും വേണം. ടോക്കൺ കട്ടിനെ സംബന്ധിച്ചും മോഷനിൽ പറയുന്ന പരാതിയിൽ ചർച്ച ഒതുക്കി നിർത്തേണ്ടതാണ്. സർവ്വോപരി discussion thereon shall be confined to the particular grievance specified in the motion എന്ന 145-ാം ചട്ടത്തിന്റെ അവസാന വാചകമായി പറയുന്നുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

കട്ട്മോഷനിൽ ഉന്നയിച്ചിട്ടുള്ള കാര്യങ്ങളെപ്പററി പ്രസംഗിക്കുവാനോ അതിൽമാത്രം പ്രസംഗം ഒതുക്കി നിർത്താനോ പ്രസംഗിക്കുന്നവർ ശ്രദ്ധിക്കാറില്ല. വളരെ ചുരുക്കി കട്ട്മോഷനിൽ പറയുന്ന പൊതുവായ കാര്യങ്ങൾക്ക് വേണ്ട വിധമുള്ള വിശദീകരണം ഇല്ലാതെ മറുപടി പറയുക സാധ്യമല്ലതാനും. പ്രസംഗത്തിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് മറുപടി പറയുവാൻ ബാദ്ധ്യസ്ഥരായ മന്ത്രിമാർക്ക് പ്രസംഗ മദ്ധ്യേ ഉന്നയിക്കാത്തതും പ്രത്യേക വിശദീകരണം ഇല്ലാതെ മറുപടി പറയാൻ ബുദ്ധിമുട്ടുള്ളതുമായ നിരവധി കട്ട്മോഷനുകൾക്ക് അവതരിപ്പിക്കപ്പെട്ടു എന്ന ഒററക്കാരണത്താൽ മറുപടി പറയാൻ കഴിയാതെ വരുന്നത് സ്വാഭാവികമാണ്. ചട്ടങ്ങൾ നിഷ്ക്കർഷിക്കുന്ന പ്രകാരം അവതരിപ്പിക്കപ്പെടുന്ന കട്ട്മോഷനിൽ ഒതുങ്ങിനിന്നു സംസാരിക്കാത്തതിനാൽ കട്ട്മോഷനിലൂടെ ഉന്നയിക്കപ്പെടുന്ന കാര്യങ്ങൾക്ക് മറുപടി പറയണമെന്ന് നിർബന്ധിക്കുവാൻ ചെയറിന് ആവില്ല. പ്രസംഗമദ്ധ്യേ ഉന്നയിക്കാത്തതും കട്ട്മോഷനിലൂടെ മാത്രം ഉന്നയിക്കുന്നതുമായ കാര്യങ്ങൾക്ക് മറുപടി പറയുന്ന കീഴ്വഴക്കം ഈ സഭയിൽ ഇല്ല. ഇതിനുമുമ്പ് ഈ പ്രശ്നം ഉയർന്നു വന്നപ്പോൾ ഖണ്ഡനോപക്ഷേപത്തിൽ ഉന്നയിച്ച കാര്യങ്ങൾ പ്രസംഗത്തിലൂടെ വിശദീകരിക്കാത്തതിനാൽ അതിനു മറുപടി പറയേണ്ടതില്ലെന്ന് എന്റെ മുൻഗാമികൾ റൂൾ ചെയ്തിട്ടുണ്ട് എന്ന കാര്യവും അനുസ്മരിപ്പിക്കുവാൻ ചെയർ ആഗ്രഹിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നത്തിന് നിലനിൽപ്പില്ല.

ശ്രീ. ബേബിജോൺ: സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. കഴിഞ്ഞ സബ്ജക്ട് കമ്മിററി X-നെ സംബന്ധിച്ച ഞങ്ങൾ ഇവിടെ ഒരു ഡിസൻറിംഗ് നോട്ട് കൊടുത്തിട്ടുണ്ട് അത് ചേർത്തിട്ടില്ല.

മി. സ്പീക്കർ: അതൊരു ലോംഗ് സ്ററാൻഡിംഗ് ഇഫക്ട് ഉണ്ടാകുന്ന കാര്യം ആയതുകൊണ്ട് അത് അടുത്ത ആഴ്ച ഉണ്ടാകും.

## IX വ്യക്തിപരമായ വിശദീകരണം

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ഇവിടെ രണ്ട് മെമ്പർമാർ ശ്രീ. അഗസ്തിയും ശ്രീ. ജോയി എബ്രഹാമും പ്രസംഗിച്ചപ്പോൾ ഇവിടെ സംസ്ഥാന കാർഷിക വികസന ബാങ്കിൽ ഞാൻ പ്രസിഡൻറ് ആയിരുന്നപ്പോൾ വഴിവിട്ടു ഒരു നിയമനം നടത്തിയെന്നും അങ്ങനെ അഴിമതി കാണിച്ചുവെന്നും സൂചിപ്പിക്കുന്ന രീതിയിൽ പറഞ്ഞു ഈ നിയമസഭയിൽ തന്നെ ഞാനത് നിഷേധിക്കുന്നു. ഈ നിയമസഭയിൽ മന്ത്രി ഒരിക്കൽ പറഞ്ഞു (ഇപ്പോഴും റിക്കാർഡുകൾ അവിടെ ഉണ്ട്) അങ്ങനെ ആരെയും വഴിവിട്ട് ഞാൻ നിയമിച്ചിട്ടില്ല. അങ്ങനെയാണെങ്കിൽ അത് അന്വേഷിക്കാൻ ഇപ്പോഴും ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

## X ധനകാര്യം — തുടർച്ച

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): ഇത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കാര്യമാണ്, അപ്പോൾ ഒരു പരിഗണനയുള്ളതുകൊണ്ട് അത് എന്നോട്